# കൊക്കൊകോള കമ്പനിക്കെതിരെ ചെറുത്തുനില്പ്പ് തുടരുന്നു

പാലക്കാട്: പെരുമാട്ടി ഗ്രാമപഞ്ചായത്തിലുൾപ്പെട്ട പ്ലാച്ചിമടയിലെ കൊക്കൊകോള കമ്പനിക്കെതിരെയുള്ള ജനകീയ പ്രക്ഷോഭം 40 നാൾ പിന്നിട്ടു. കൊക്കൊകോള വിരുദ്ധ ജനകീയ സമരസമിതിയുടെ നേതൃത്വത്തിലുള്ള സമരം പുതിയ തലങ്ങളിലേക്ക് മാറിയിരിക്കുകയാണ്.

മീനാച്ചിപുരം മുതൽ വണ്ടിത്താവളം വരെ 7 കി.മി. ദൂരത്തുള്ള കമ്പനിയുടേതായ ബോർഡുകളെല്ലാം സമരസമിതി നശിപ്പിക്കുകയാണിപ്പോൾ.സർവ്വകക്ഷി പൊതുയോഗവും വിളിച്ചു ചേർത്തിരുന്നു. വാർഡ് മെമ്പറുടേയും എം.എൽ.എയുടേയും വീടുകൾ, പഞ്ചായത്ത് ആപ്പീസ് എന്നിവിടങ്ങളിലേക്ക് മാർച്ച്, വഴിതടയൽ എന്നിവയും ആസൂത്രണം ചെയ്തിട്ടുണ്ട്.

സർക്കാർ തലത്തിൽ ഗൗരവപൂർണ്ണമായ ഒരു അന്വേഷണം ഇനിയും നടന്നിട്ടില്ല. മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ജലത്തിന്റെ സാമ്പിൾ ശേഖരിച്ചുവെങ്കിലും റിപ്പോർട്ട് പുറത്തുവിട്ടിട്ടില്ല. ഭൂഗർഭജല ബോർഡാകട്ടെ മലിനീകരണത്തെ പറ്റി അജ്ഞത നടിക്കുകയാണ്. എന്നാൽ ബോർഡിലെ ഉദ്യോഗസ്ഥർ തന്നെ 36 സാമ്പിളുകൾ ശേഖരിച്ചിരുന്നു.രാഷ്ട്രീയ പാർട്ടികളും സമരത്തോടുള്ള അവഗണന തുടരുകയാണ്. സമരത്തിന്റെ ഭാഗമായി വിളിച്ചുചേർത്ത സർവ്വകക്ഷിയോഗത്തിൽ പങ്കെടുക്കാൻ സി.പി.ഐ. മാത്രമേ തയ്യാറായുള്ളു. ജനതാദൾ നേതാവ് കെ.കൃഷ്ണൻകുട്ടിയാകട്ടെ കമ്പനിക്കാവശ്യമായ വെള്ളം തന്റെ വീട്ടിൽ നിന്നും നല്കുകയും ചെയ്യുന്നു. കമ്പനി ചെലവിൽ തന്നെ കുഴൽ കിണർ കുഴിച്ചിട്ടുണ്ട്.

സമരസമിതിക്കെതിരെ കൊക്കൊകോള കമ്പനി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളത് .ഇതിനെതിരെ സമരസമിതി എതിർവാദം ഉന്നയിച്ചിട്ടുണ്ട്.

കൊക്കൊകോള കമ്പനിക്കെതിരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള പരിസ്ഥിതി-മനുഷ്യാവകാശ-സാംസ്കാരിക പ്രവർത്തകരുടെ കൂടിച്ചേരൽ നടക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് സുരേഷ്,ഗാന്ധി പീസ് ഫൗണ്ടേഷൻ സെന്റർ,ഗാന്ധി ഭവൻ, ബാനർജി റോഡ്,കൊച്ചി-682 019 ഫോൺ: 0484-351869